പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3072 07.11.2019 -ൽ മറുപടിയ്ക്ക്

അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. പി.ടി.തോമസ്<br>ശ്രീ.വി.ടി.ബൽറാം | | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്; അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിന് സമഗ്രശിക്ഷ കേരള, ഡയറ്റുകൾ , പൊതുവിദ്യാഭ്യാസ വകുപ്പിലെ സംവിധാനങ്ങളായ എ. ഇ. ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ. എന്നീ സ്ഥാപനങ്ങൾ നേതൃത്വം നൽകി വരികയാണ്. |
| ബി) | ഇല്ലെങ്കിൽ ഇതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | ബി) | നിലവിൽ ഡയറ്റുകൾ ജില്ലാടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. കൂടാതെ ബ്ലോക്ക് റിസോഴ്സ് സെൻററുകളും (ബി.ആർ.സി.) ഇതിൽ മുഖ്യ പങ്കുവഹിക്കുന്നുണ്ട്. |
| സി) | അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ? | സി) | അദ്ധ്യാപക ശാക്തീകരണ പരിപാടികൾ കാലോചിതമായി പരിഷ്കരിച്ചു നടപ്പാക്കി വരുന്നു. അവധിക്കാല പരിശീലനങ്ങളും ക്ലസ്റ്റർ തല പരിശീലനങ്ങളും ഹയർസെക്കണ്ടറി മേഖലയിൽ നടപ്പാക്കിവരുന്ന HSSTTP (Higher Secondary School Teachers Transformation Programme), വി.എച്ച്.എസ്.ഇ.മേഖലയിൽ വിവിധ ജോബ് റോളുകൾക്കനുസരിച്ചുള്ള പരിശീലന പരിപാടികൾ എന്നിവ അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളവയാണ്. എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലനകോഴ്സ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതോടൊപ്പം അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡിജിറ്റൽ വിഭവങ്ങൾ നിർമ്മിക്കുന്നതിനും അതുപയോഗിച്ച് ക്ലാസ്റൂം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനവും കൈറ്റ് മുഖാന്തിരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ